## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5138** **20-03-2025 - ൽ മറുപടിയ്ക്ക്**

### ഭവനനിർമ്മാണ ബോർഡ് ലാഭകരമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ വാടക ഇനത്തിലും മറ്റ് കൺസൾട്ടൻസി ഇനത്തിലുള്ള തുകകൾ പിരിച്ചെടുക്കാത്തതിനാൽ നഷ്ടം നേരിടുന്നതായ സാഹചര്യമുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശിക ഇനത്തിൽ 28.02.2025 ലെ കണക്ക് പ്രകാരം 31.77 കോടി രൂപ ബോർഡിന് ലഭിക്കാനുണ്ട്. സ്വകാര്യ സ്ഥാപങ്ങളിൽ നിന്നും ഈടാക്കുവാനുള്ള തുക ഈടാക്കുന്നതിന് ടി സ്ഥാപങ്ങൾക്ക് നോട്ടീസ് നൽകുകയും, ഒഴിപ്പിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരമാവധി കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വകാര്യ സ്ഥാപങ്ങൾക്ക് പലിശയിൽ ഇളവുകൾ നൽകി ജില്ലാതല അദാലത്തുകൾ നടത്തുന്നതിനുള്ള നടപടി ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികളുടെ കൺസൾട്ടൻസി ചാർജ്ജിനത്തിൽ പൂർത്തിയായതും നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ PMC പ്രവർത്തികളിൽ നിന്ന് ബോർഡിന് 1,15,97,583/-രൂപ ലഭിക്കുവാനുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ പെട്രോൾ, ഡീസൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്ന പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (ബി) | ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ പെട്രോൾ, ഡീസൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ച് ബി.പി.സി.എൽ., ഐ.ഒ.സി എന്നീ സ്ഥാപനങ്ങൾക്ക് വർക്ക് ഓർഡർ നല്കിയിരുന്നെങ്കിലും ആവശ്യമായ നിരാക്ഷേപ പത്രം ലഭിക്കാത്തതിനാലും, ഭൂമി തരംമാറ്റി ലഭിക്കാത്തതിനാലും ടി സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുവാൻ സാധിച്ചില്ല. നിലവിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ചേവരമ്പലം, ചാലക്കുടി, ഒറ്റപ്പാലം എന്നീ സ്ഥലങ്ങളിൽ KCCP ലിമിറ്റഡ് എന്ന |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനത്തിന്റെ ഡീലർഷിപ്പിൽ പെട്രോൾ പമ്പുകൾ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം BPCL-ന് ലീസ് അടിസ്ഥാനത്തിൽ നൽകുന്നതിന് ആവശ്യപ്പെട്ട പ്രകാരം KCCP-യുമായി ചർച്ചകൾ നടന്നു വരുന്നു. |
| (സി) | നിലവിൽ ബോർഡിന്റെ സഞ്ചിത നഷ്ടം എത്രയാണ്; ബോർഡ് ലാഭകരമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികളെയും, സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെയും സംബന്ധിച്ച് വിശദമാക്കുമോ? | (സി) | 31.03.2024 ലെ കണക്കുകൾ പ്രകാരം ബോർഡിന്റെ സഞ്ചിത നഷ്ടം 683.82 കോടി രൂപയാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിയുക്തമായ ലക്ഷ്യം നിറവേറ്റുന്നതിനും ബോർഡിനെ ലാഭകരമാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിന്റെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ സുതാര്യവും പ്രയോജനപ്രദവുമായ രീതിയിൽ വികസിപ്പിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എറണാകുളം ജില്ലയിലെ മറൈൻ ഡ്രൈവിലെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.84 ഏക്കർ ഭൂമിയിൽ KSHB മറൈൻ ഇക്കോ സിറ്റി എന്ന പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NBCC-യുമായി ചേർന്ന് ബോർഡ് തുടങ്ങിക്കഴിഞ്ഞു. ഏകദേശം 2150കോടി രൂപ നിർമ്മാണ ചിലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ നിന്നും 3650കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. എറണാകുളം ജില്ലയിലെ വാഴക്കാല വില്ലേജിലെ തൃക്കാക്കര, കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരം എന്നിവിടങ്ങളിൽ "പാരസ്പര്യം" മാതൃകയിൽ റസിഡൻഷ്യൽ സമുച്ചയങ്ങളുടെയും, തിരുവനന്തപുരം ജില്ലയിൽ കൽപക നഗറിൽ വാണിജ്യ സമുച്ചയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം ബോർഡ് സ്വീകരിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ ജഗതി, എറണാകുളം ജില്ലയിലെ കുമാരനാശാൻ നഗർ എന്നിവടങ്ങളിൽ "പാരസ്പര്യം" മാതൃകയിൽ റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതിയും, എറണാകുളം ജില്ലയിലെ കലൂർ, പനമ്പള്ളി നഗർ, കോഴിക്കോട് ജില്ലയിലെ ചേവരമ്പലം എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള എരുമേലിയിലെ ഭൂമിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള "ഡിവോഷണൽ ടൂറിസം ഹബ്" എന്ന പദ്ധതിയും ഇടുക്കി ജില്ലയിലെ കട്ടിക്കാനത്തും |

| | | | |
|---|---|---|---|
| | | | വയനാട് ജില്ലയിലെ മാനന്തവാടിയിലും ബജറ്റ് ഹോട്ടലുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ വിവിധ പ്ലാൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി, സർക്കാർ ജീവനക്കാർക്ക് മിതമായ നിരക്കിൽ താമസ സൗകര്യം ഒരുക്കുന്നതിനായി 'സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി', വയോജനങ്ങൾക്കായി സീനിയർ സിറ്റിസൺ ഹോംസ് പദ്ധതി', സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആശ്വാസ് വാടക വീട് പദ്ധതി', തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും വിവിധ ജില്ലകളിലായി വനിതാ ജീവനക്കാർക്ക് മിതമായ നിരക്കിൽ താമസസൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ/ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br><br>ഇതിന് പുറമേ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും KIIFB-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന താലൂക്ക് ആശുപത്രികളുടെ വികസനവും, താലൂക്ക് headquarters-കളിൽ നടപ്പിലാക്കുന്ന വനിതാ ടവർ നിർമ്മാണവും കൺസൾട്ടൻസി പ്രവർത്തികൾ ആയി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ